File No.GEDN-J3/85/2018-G.EDN

**കേരള സർക്കാർ**

**സംഗ്രഹം**

സർക്കാർ സ്കൂളുകളിൽ 2018-19 അദ്ധ്യയനവർഷം ദിനവേതനാടിസ്ഥാനത്തിൽ താല്കാലിക അദ്ധ്യാപക നിയമനം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്

സ.ഉ.(സാധാ) നം./1840/2018/പൊ.വി.വ തീയതി,തിരുവനന്തപുരം, 18/05/2018

പരാമർശം:- 1.2-6-2017-ലെ സ.ഉ (സാധാ) നം 1698/17/പൊവിവ

2. 27-4-2018-ലെ നമ്പർ എച്ച്2/21500/2018/ഡിപിഐ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2017-18 വർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം 2018-19 അദ്ധ്യയനവർഷത്തിലേയ്ക്കും ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, 2018-19 അദ്ധ്യയനവർഷം ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള അനുവാദം നല്കി ഉത്തരവാകുന്നു:-

എ). നിലവിലിരിക്കുന്ന തസ്തികനിർണയ ഉത്തരവ് പ്രകാരം ഏതെങ്കിലും കാറ്റഗറിയിൽ അദ്ധ്യാപകർ അധികമെന്നു കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം പാടില്ല. അധികമായി കണ്ടെത്തിയ അദ്ധ്യാപകരെയെല്ലാം നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥലംമാറ്റി ക്രമീകരിച്ചിരിക്കേണ്ടതും 2018-19 അദ്ധ്യയന വർഷം തസ്തിക നിർണയം കഴിഞ്ഞാൽ ഒഴിവുകൾ സത്വരം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബി). 14-08-2002 ലെ ജി.ഒ (പി) നമ്പർ 249/2002/പൊവിവ, 20-12-2004 ലെ ജി.ഒ (പി) നമ്പർ 382/2004/പൊവിവ, 28-4-2017 ലെ ജി,ഒ (പി) നമ്പർ 56/2017/ധന.വ തുടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കണം.

സി). പി.എസ്.സി റാങ്ക് ലിസ്റ്റ്/ഷോർട്ട് ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത അദ്ധ്യാപകന്റെ സേവന വ്യവസ്ഥകൾ യാതൊന്നും തന്നെ ഭാവിയിൽ ടിയാൾക്ക് പി.എസ്.സി മുഖേനയുള്ള സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ യാതൊരാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതല്ല.

ഡി). കെ-ടെറ്റ് യോഗ്യത നേടിയവർ /നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം കെ-ടെറ്റ് പാസ്സാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളവർ എന്നിവരെയാണ് ദിനവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്. അങ്ങനെയുള്ളവർ അപേക്ഷകരായില്ലെങ്കിൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കാവൂ.

ഇ). സ്കൂൾ തുറക്കുമ്പോൾ സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്ത അവസ്ഥയുണ്ടാകാൻ പാടില്ല. ഇതിനായി, ഒഴിവുകൾ ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക 2018-19 വർഷവും തുടരുമെന്ന കാര്യം ഉറപ്പാക്കി പ്രഥമാദ്ധ്യാപകർ മെയ് മാസത്തിൽ തന്നെ ദിനവേതനാടിസ്ഥാനത്തിലുള്ള നിയമന

നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകർ റഗുലർ ഒഴിവിൽ തുടരുന്ന കാരണത്താൽ പ്രസ്തുത ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കരുത്. അപ്രകാരം കൃത്യവിലോപം കാട്ടുന്ന പ്രഥമാദ്ധ്യാപകരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ്). 28-04-2017ലെ ജി.ഒ (പി) നമ്പർ 56/2017/ധന പ്രകാരം ദിനവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 895/- രൂപയും (പ്രതിമാസം പരമാവധി 25900/-രൂപ), ഹൈസ്കൂൾ ടീച്ചർ പ്രതിദിനം 1025/- രൂപയും (പ്രതിമാസം പരമാവധി 29700/- രൂപ) പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 710/- രൂപയും (പ്രതിമാസം പരമാവധി 19850/- രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 685/- രൂപയും (പ്രതിമാസം പരമാവധി 18450/- രൂപ) വേതനമായി അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്. നജീബ്
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക്ക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) (പ്രസ്സ് റിലീസ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ